# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3674      11.12.2018 -ലെ മറുപടിയ്ക്ക്

### സർവ്വകലാശാലകളിലെ പരീക്ഷ സമ്പ്രദായം

*ചോദ്യം*

ശ്രീ. പുരുഷൻ കടലുണ്ടി :

*ഉത്തരം*

**ഡോ. കെ. ടി. ജലീൽ**

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെ പരീക്ഷ സമ്പ്രദായം പരിഷ്കരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | സർവകലാശാലാ പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നു വെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകിവരുന്നു. ഇതിനായി, സർവകലാശാലകളിലെ പ്രോ. വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട് പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിലൊക്കെ എല്ലാ സർവകലാശാലകൾക്കും ബാധകമായ പൊതു കലണ്ടർ രൂപീകരിക്കുകയാണ് ഉദ്ദേശ്യം.<br><br>ഏകീകൃത അക്കാദമിക്- പരീക്ഷാ കലണ്ടർ നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കോഴ്സ് ആരംഭിക്കുന്ന സമയത്ത് തന്നെ മുൻകൂട്ടി പരീക്ഷ തീയതി നിശ്ചയിക്കുന്നതിനും സമയബന്ധിതമായി പരീക്ഷ നടത്തി റിസൾട്ട് പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**